# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1465 — 13.07.2016-ൽ മറുപടിയ്ക്ക്

## ഡോക്ടർ ഇൻ ഫാർമസി (ഫാം.ഡി) കോഴ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീമതി. കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം സർക്കാർ ഫാർമസി കോളേജിന് 'ഡോക്ടർ ഇൻ ഫാർമസി (ഫാം.ഡി) കോഴ്സ് 'തുടങ്ങുന്നതിന് സെൻട്രൽ ഫാർമസി കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ; | (എ) | അനുമതി ലഭിച്ചിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരികയാണ്. |
| (ബി) | സംസ്ഥാനത്ത് എത്ര കോളേജുകളിലാണ് ഫാം. ഡി. കോഴ്സ് നിലവിലുള്ളതെന്നും ഇതിൽ എത്ര കോളേജുകളിൽ സർക്കാർ ക്വാട്ട ഉണ്ടെന്നും ആയത് നിലവിൽ ഇല്ലാത്ത കോളേജുകളിൽ സർക്കാർ ക്വാട്ട ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | അഞ്ച് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്കാണ് ഫാം.ഡി കോഴ്സ് നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഈ സ്ഥാപനങ്ങളിൽ 50% സീറ്റുകൾ സർക്കാർ മെരിറ്റ് സീറ്റുകളാണ്. |
| (സി) | ഫാം. ഡി. കോഴ്സ് യോഗ്യതയുടെ അടിസ്ഥാനത്തിൽ 'ക്ലിനിക്കൽ ഫാർമസിസ്റ്റ്' എന്ന തസ്തിക പ്രസ്തുത കോഴ്സ് ജയിച്ചു വരുന്നവർക്കായി മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഈ വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ